# പതിനാലാം കേരള നിയമസഭ

## <u>നാലാം സമ്മേളനം</u>

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.490, 28/02/2017-ൽ മറുപടിക്ക്

### 'ഡെപ്യൂട്ടേഷൻ കാലാവധി'

| | ചോദ്യം<br>ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ കാലാവധി കഴിഞ്ഞും തുടരുന്നതിൽ ധന വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ (42/2013/ധന തീയതി 10/02/2013) ഇപ്പോഴും പ്രാബല്യത്തിലുണ്ടോ എന്ന് വ്യക്തമാക്കാമോ; | പ്രാബല്യത്തിൽ ഉണ്ട് |
| (ബി) | ഈ സർക്കുലറിന്റെ ഉദ്ദേശ്യശുദ്ധി എന്തെന്ന് വ്യക്തമാക്കാമോ; | സർക്കാർ അനുമതി കൂടാതെ ഉദ്യോഗസ്ഥൻമാർ ഡെപ്യൂട്ടേഷനിൽ തുടരുന്ന പ്രവണത തടയുന്നതിനു വേണ്ടിയാണ് ഇത്തരത്തിൽ സർക്കുലർ പുറപ്പെടുവിച്ചത്. |
| (സി) | ഡെപ്യൂട്ടേഷൻ കാലാവധി തീരുന്നതിനു 6 മാസങ്ങൾക്ക് മുമ്പേ കാലാവധി ദീർഘിപ്പിക്കാൻ അപേക്ഷിച്ചിട്ടും ഭരണപരമായ കാലതാമസം മൂലം പ്രസ്തുത കാലാവധിക്കു ശേഷം തുടരേണ്ടിവരുന്നവർക്ക് ഇത് ബാധകമാണോ; | ബാധകമാണ് |
| (ഡി) | ഭരണപരമായ കാലതാമസം അപേക്ഷകന്റെ തെറ്റല്ലാത്തതിനാൽ കാലാവധിക്കും 6 മാസം മുമ്പേ അപേക്ഷിച്ചവർക്കെങ്കിലും ഇതിൽ നിന്നും ഒഴിവാകുവാൻ നടപടി സ്വീകരിക്കുമോ? | ഇപ്പോൾ പരിഗണനയിൽ ഇല്ല |

സെക്ഷൻ ഓഫീസർ